## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3325 — 19.10.2016 -ന് മറുപടിയ്ക്ക്

### ധീവര (ഒ.ഇ.സി.) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സംവരണ ആനുകൂല്യം നിഷേധിച്ച നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ ധീവര (ഒ.ഇ.സി.) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ് ടു, ഡിഗ്രി, പ്രൊഫഷണൽ ഡിഗ്രി എന്നീ വിഭാഗങ്ങളിൽ ലഭിക്കുന്ന വിദ്യാഭ്യാസ സംവരണ ആനുകൂല്യങ്ങൾ വ്യക്തമാക്കുമോ; ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | എ) | പ്ലസ് ടു, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് ധീവര സമുദായത്തിന് നിലവിൽ 2% സംവരണം അനുവദിച്ചിട്ടുണ്ട്. (ഉത്തരവ് അനുബന്ധം-1 ആയി ഉൾപ്പെടുത്തുന്നു). ഡിഗ്രി, പി.ജി. തലത്തിൽ ഒ.ബി.എച്ച്-നുള്ള 3% സംവരണത്തിൽ ഉൾപ്പെടുത്തി ഗവൺമെന്റ് കോളേജുകളിൽ ധീവരർക്ക് സംവരണം അനുവദിച്ചിട്ടുണ്ട്. (ഉത്തരവ് അനുബന്ധം-2 ആയി ഉൾപ്പെടുത്തുന്നു). |
| ബി) | 2016 അധ്യയന വർഷത്തിൽ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഓൺലൈനായി ഡിഗ്രി അഡ്മിഷൻ നടത്തിയപ്പോൾ ധീവര (ഒ.ഇ.സി.) വിഭാഗത്തിനെ ജനറൽ കാറ്റഗറിയിലാണ് അഡ്മിഷന് പരിഗണിച്ചിരുന്നതെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) | ഇത് സംബന്ധിച്ച് കേരള, മഹാത്മാഗാന്ധി എന്നീ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പരാതികൾ ലഭിച്ചിരുന്നു. എന്നാൽ യൂണിവേഴ്സിറ്റികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചതിൽ ധീവരയ്ക്ക് ഒ.ബി.എച്ച്-ന്റെ 3% ത്തിൽ ഉൾപ്പെടുത്തി സംവരണം അനുവദിച്ചിട്ടുണ്ട്. (കേരള യൂണിവേഴ്സിറ്റിയുടെയും മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെയും കണ്ണൂർ യൂണിവേഴ്സിറ്റിയുടെയും പ്രോസ്പെക്ടസിന്റെ ബന്ധപ്പെട്ട ഭാഗം അനുബന്ധം-3 ആയി ചേർക്കുന്നു. |
| സി) | ധീവര (ഒ.ഇ.സി.) വിഭാഗം വിദ്യാർത്ഥികൾക്ക് ഡിഗ്രി പ്രവേശനത്തിന് പ്രത്യേകമായി വിദ്യാഭ്യാസ സംവരണം എർപ്പെടുത്തിയിരുന്നി | സി) | യൂണിവേഴ്സിറ്റി പ്രോസ്പെക്ടസിൽ ധീവരരെ ഒ.ബി.എച്ച്-ൽ തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | ല്ലെങ്കിൽ അവർ ഉൾപ്പെടുന്നതും അർഹതപ്പെട്ടതുമായ ഒ.ബി.എച്ച് കാറ്റഗറിയിൽ ഉൾപ്പെടുത്തി അഡ്മിഷന് പരിഗണിക്കാതെയിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | | |
| ഡി) | ധീവര (ഒ.ഇ.സി.) വിഭാഗം വിദ്യാർത്ഥികൾക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ ഡിഗ്രി പ്രവേശനത്തിനുള്ള അഡ്മിഷന് ജനറൽ കാറ്റഗറിയിൽ പരിഗണിച്ചതു പ്രകാരം ഒരു തരത്തിലുമുള്ള വിദ്യാഭ്യാസ സംവരണ ആനുകൂല്യവും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ആയതു പ്രകാരം മേൽ വിഭാഗത്തിൽപ്പെട്ടിട്ടുള്ള നിരവധി വിദ്യാർത്ഥികൾക്ക് ഡിഗ്രി അഡ്മിഷൻ ലഭിച്ചിട്ടില്ലെന്ന വസ്തുത സർക്കാർ പരിശോധിക്കുമോ; | ഡി) | ഇത്തരത്തിൽ ലഭിച്ച പരാതിയിൽ യൂണിവേഴ്സിറ്റികളിൽ അന്വേഷണം നടത്തിയതിൽ ധീവര സമുദായത്തെ ഒ.ബി.എച്ച്-ൽ തന്നെയുൾപ്പെടുത്തിയാണ് സംവരണം അനുവദിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കുന്നു. ഒ.ഇ.സി. എന്ന പേരിൽ പ്രത്യേകം സംവരണം സംസ്ഥാനത്ത് നിലവിലില്ല. പട്ടികജാതി വിഭാഗത്തിന് അനുവദിച്ച സീറ്റുകളിൽ അർഹരായ അപേക്ഷകർ ഇല്ലാതെ വരുമ്പോൾ മാത്രമാണ് പ്രസ്തുത സീറ്റുകൾ ഒ.ഇ.സി. വിഭാഗത്തിന് അനുവദിക്കുന്നത്. |
| ഇ) | യൂണിവേഴ്സിറ്റികൾ നടപ്പിലാക്കിയ ഓൺലൈൻ അഡ്മിഷൻ മൂലം വർഷങ്ങളായി ധീവര (ഒ.ഇ.സി.) വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിച്ചു വന്നിരുന്ന വിദ്യാഭ്യാസ സംവരണാനുകൂല്യം നഷ്ടപ്പെട്ട നടപടിയെ കുറിച്ചുള്ള നിലപാട് വ്യക്തമാക്കുമോ; | ഇ) | ഓൺലൈൻ സംവിധാനം നടപ്പിലാക്കിയതോടെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സീറ്റുകൾ പൂർണ്ണതോതിൽ ആ വിഭാഗത്തിന് നൽകേണ്ടിവരുന്ന സാഹചര്യത്തിലാണ് ഒ.ഇ.സി. വിഭാഗത്തിന് സീറ്റ് നൽകാനാവാത്തത്. |
| എഫ്) | ധീവര (ഒ.ഇ.സി.) കാറ്റഗറിക്ക് ഡിഗ്രി അഡ്മിഷൻ പ്രത്യേകമായി വിദ്യാഭ്യാസ സംവരണം നടപ്പിലാക്കുന്നതുവരെ ഒ.ബി.എച്ച്. കാറ്റഗറിയിൽ ഉൾപ്പെടുത്തി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എഫ്) | ഒ.ബി.എച്ച്.കാറ്റഗറിയിൽ ഉൾപ്പെടുത്തി തന്നെയാണ് നിലവിൽ ധീവര സമുദായത്തിന് സംവരണം അനുവദിക്കുന്നത്. |
| ജി) | പ്ലസ് ടു, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് ധീവര (ഒ.ഇ.സി.) വിഭാഗത്തിന് പ്രത്യേക വിദ്യാഭ്യാസ സംവരണം നല്കിയതു പോലെ ഡിഗ്രി കോഴ്സുകൾക്കും അഡ്മിഷന് പ്രത്യേക ശതമാനം സംവരണം നല്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുമോ? | ജി) | നിലവിൽ ഡിഗ്രി, പി.ജി കോഴ്സുകൾക്ക് വിവിധതലത്തിൽ സംവരണം അനുവദിച്ചിരിക്കുന്നത് 50% ആണ്. ടി സാഹചര്യത്തിൽ ധീവര സമുദായത്തിന് മാത്രമായി പ്രത്യേക സംവരണം നല്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ........ ലഭ്യമാണ്